**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1097** **18-09-2025 - ൽ മറുപടിയ്ക്ക്**

**ഡാമുകൾക്ക് ചുറ്റുമുള്ള നിയന്ത്രിത മേഖല**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഡാമുകൾക്ക് ചുറ്റും നിയന്ത്രിത മേഖലയാക്കിയിട്ടുണ്ടെങ്കിൽ അത് എത്ര ദൂരമാണെന്ന് വ്യക്തമാക്കുമോ; | (എ) | ഡാമുകളുടെ സമീപം പുതിയ നിർമ്മാണങ്ങൾക്ക് എൻ. ഒ. സി. നൽകുന്നതുമായി ബന്ധപ്പെട്ട് ഡാമുകളുടെ ചുറ്റും നിയന്ത്രിത മേഖല നിഷ്കർഷിക്കുന്നതിനു മാർഗ്ഗ നിർദ്ദേശങ്ങൾ വ്യക്തമാക്കിക്കൊണ്ട് 2024 ഡിസംബർ 26 ന് ജി. ഒ. (എം.എസ്.) നമ്പർ 67/2024/ജ.വി.വ. ഉത്തരവ് പുറത്തിറക്കിയിരുന്നു. എന്നാൽ പ്രസ്തുത ഉത്തരവിനെ തുടർന്ന്, വിവിധ തലങ്ങളിൽ നിന്നും ഇത് സംബന്ധിച്ച് നിർദ്ദേശങ്ങളും പരാതികളും ലഭിക്കുകയുണ്ടായി. ഈ വിഷയത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് പ്രസ്തുത ഉത്തരവ് പിൻവലിക്കുമെന്ന് ജലവിഭവ വകുപ്പ് മന്ത്രി നിയമസഭയിൽ ഉറപ്പ് നൽകുകയുണ്ടായി. ഇതിനെ തുടർന്ന് 2025 ഏപ്രിൽ 3 –ലെ ജി. ഒ. (എം.എസ്) നം. 26/2025/ജ.വി.വ. ഉത്തരവ് പ്രകാരം, 2024 ഡിസംബർ 26 – ലെ ജി.ഒ. (എം.എസ്) നം. 67/2024/ജ.വി.വ. ഉത്തരവ് പിൻവലിക്കുകയും ചെയ്തു.<br><br>ജലസംഭരണികളുടെ സമീപം നടത്തുന്ന പുതിയ നിർമ്മാണങ്ങൾക്ക് എൻ. ഒ. സി. നൽകുന്നതിനുള്ള കരട് മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ചു വരുന്നു. ആയതുമായി ബന്ധപ്പെട്ട് 24-06-2025, 14-08-2025 തീയതികളിൽ സർവ്വകക്ഷി യോഗം നടക്കുകയുമുണ്ടായി. |
| (ബി) | ഡാമുകൾക്ക് ചുറ്റും നിയന്ത്രിത മേഖലയാക്കിയിട്ടില്ലെങ്കിൽ അപ്രകാരം ആക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും അത് എത്ര ദൂരമായിരിക്കുമെന്നും വിശദമാക്കാമോ; | (ബി) | ഡാമുകളുടെ സമീപം പുതിയ നിർമ്മാണങ്ങൾക്ക് എൻ. ഒ. സി. നൽകുന്നതുമായി ബന്ധപ്പെട്ട് ഡാമുകളുടെ ചുറ്റും നിയന്ത്രിത മേഖല നിഷ്കർഷിക്കുന്നതിനു മാർഗ്ഗ നിർദ്ദേശങ്ങൾ വ്യക്തമാക്കിക്കൊണ്ട് 2024 ഡിസംബർ 26 ന് ജി. ഒ. (എം.എസ്.) നമ്പർ 67/2024/ജ.വി.വ. ഉത്തരവ് പുറത്തിറക്കിയിരുന്നു. എന്നാൽ പ്രസ്തുത ഉത്തരവിനെ തുടർന്ന്, വിവിധ തലങ്ങളിൽ നിന്നും |

| | | | |
|---|---|---|---|
| | | | ഇത് സംബന്ധിച്ച് നിർദ്ദേശങ്ങളും പരാതികളും ലഭിക്കുകയുണ്ടായി. ഈ വിഷയത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് പ്രസ്തുത ഉത്തരവ് പിൻവലിക്കുമെന്ന് ജലവിഭവ വകുപ്പ് മന്ത്രി നിയമസഭയിൽ ഉറപ്പു നൽകുകയുണ്ടായി. ഇതിനെ തുടർന്ന് 2025 ഏപ്രിൽ 3 –ലെ ജി. ഒ. (എം.എസ്) നം. 26/2025/ജ.വി.വ. ഉത്തരവ് പ്രകാരം, 2024 ഡിസംബർ 26 – ലെ ജി.ഒ. (എം.എസ്) നം. 67/2024/ജ.വി.വ. ഉത്തരവ് പിൻവലിക്കുകയും ചെയ്തു.<br><br>ജലസംഭരണികളുടെ സമീപം നടത്തുന്ന പുതിയ നിർമ്മാണങ്ങൾക്ക് എൻ. ഒ. സി. നൽകുന്നതിനുള്ള കരട് മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ചു വരുന്നു. ആയതുമായി ബന്ധപ്പെട്ട് 24-06-2025, 14-08-2025 തീയതികളിൽ സർവ്വകക്ഷി യോഗം നടക്കുകയുമുണ്ടായി. |
| (സി) | ഡാമുകൾക്ക് ചുറ്റും നിയന്ത്രിത മേഖലയാക്കുകയാണെങ്കിൽ അവിടെ എന്തെല്ലാം നിയന്ത്രണങ്ങളാണ് ഏർപ്പെടുത്തേണ്ടിവരുകയെന്നു അറിയിക്കാമോ; | (സി) | ഡാമുകളുടെ സമീപം പുതിയ നിർമ്മാണങ്ങൾക്ക് എൻ. ഒ. സി. നൽകുന്നതുമായി ബന്ധപ്പെട്ട് ഡാമുകളുടെ ചുറ്റും നിയന്ത്രിത മേഖല നിഷ്കർഷിക്കുന്നതിനു മാർഗ്ഗ നിർദ്ദേശങ്ങൾ വ്യക്തമാക്കിക്കൊണ്ട് 2024 ഡിസംബർ 26 ന് ജി. ഒ. (എം.എസ്.) നമ്പർ 67/2024/ജ.വി.വ. ഉത്തരവ് പുറത്തിറക്കിയിരുന്നു. എന്നാൽ പ്രസ്തുത ഉത്തരവിനെ തുടർന്ന്, വിവിധ തലങ്ങളിൽ നിന്നും ഇത് സംബന്ധിച്ച് നിർദ്ദേശങ്ങളും പരാതികളും ലഭിക്കുകയുണ്ടായി. ഈ വിഷയത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് പ്രസ്തുത ഉത്തരവ് പിൻവലിക്കുമെന്ന് ജലവിഭവ വകുപ്പ് മന്ത്രി നിയമസഭയിൽ ഉറപ്പു നൽകുകയുണ്ടായി. ഇതിനെ തുടർന്ന് 2025 ഏപ്രിൽ 3 –ലെ ജി. ഒ. (എം.എസ്) നം. 26/2025/ജ.വി.വ. ഉത്തരവ് പ്രകാരം, 2024 ഡിസംബർ 26 – ലെ ജി.ഒ. (എം.എസ്) നം. 67/2024/ജ.വി.വ. ഉത്തരവ് പിൻവലിക്കുകയും ചെയ്തു.<br><br>ജലസംഭരണികളുടെ സമീപം നടത്തുന്ന പുതിയ നിർമ്മാണങ്ങൾക്ക് എൻ. ഒ. സി. നൽകുന്നതിനുള്ള കരട് മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ചു വരുന്നു. ആയതുമായി ബന്ധപ്പെട്ട് 24-06-2025, 14-08-2025 തീയതികളിൽ സർവ്വകക്ഷി യോഗം നടക്കുകയുമുണ്ടായി. |
| (ഡി) | ഡാമുകൾക്ക് ചുറ്റും നിയന്ത്രിത മേഖലയാകുമ്പോൾ പ്രസ്തുത മേഖലയിൽ താമസിക്കുന്നവരുടെയും കൃഷിയിറക്കുന്നവരുടെയും ഭൂമി ഏറ്റെടുക്കുമോയെന്ന് വ്യക്തമാക്കാമോ; | (ഡി) | ജലസംഭരണികൾക്ക്/ജലാശയങ്ങൾക്ക് സമീപത്തായുള്ള പുതിയ സ്ഥിര നിർമ്മാണ പ്രവർത്തനങ്ങൾക്ക് മാത്രമാണ് നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്. കൃഷിയ്ക്കോ |

| | | | |
|---|---|---|---|
| | | | ചെറുതും മറ്റ് താത്കാലിക നിർമ്മാണ പ്രവർത്തനങ്ങൾക്കോ നിയന്ത്രണങ്ങൾ ബാധകമായിരിക്കുകയില്ല. |
| (ഇ) | ഡാമുകൾക്ക് ചുറ്റും നിയന്ത്രിത മേഖലയാകുമ്പോൾ പ്രസ്തുത മേഖലയിൽ താമസിക്കുന്നവർക്ക് നൽകുന്നതിനുള്ള നഷ്ടപരിഹാരം നിശ്ചയിച്ചിട്ടുണ്ടെങ്കിൽ അത് എത്രയാണെന്ന് അറിയിക്കാമോ; | (ഇ) | ജലസംഭരണികൾക്ക്/ജലാശയങ്ങൾക്ക് സമീപത്തായുള്ള പുതിയ സ്ഥിര നിർമ്മാണ പ്രവർത്തനങ്ങൾക്ക് മാത്രമാണ് നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്. കൃഷിയ്ക്കോ ചെറുതും മറ്റ് താത്കാലിക നിർമ്മാണ പ്രവർത്തനങ്ങൾക്കോ നിയന്ത്രണങ്ങൾ ബാധകമായിരിക്കുകയില്ല. |
| (എഫ്) | ഡാമുകൾക്ക് ചുറ്റും നിയന്ത്രിത മേഖലയാക്കുകയാണെങ്കിൽ പ്രസ്തുത സ്ഥലത്ത് കൃഷി ഇറക്കി വന്നിരുന്നവർക്ക് പകരം കൃഷിഭൂമി ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ? | (എഫ്) | ജലസംഭരണികൾക്ക്/ജലാശയങ്ങൾക്ക് സമീപത്തായുള്ള പുതിയ സ്ഥിര നിർമ്മാണ പ്രവർത്തനങ്ങൾക്ക് മാത്രമാണ് നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്. കൃഷിയ്ക്കോ ചെറുതും മറ്റ് താത്കാലിക നിർമ്മാണ പ്രവർത്തനങ്ങൾക്കോ നിയന്ത്രണങ്ങൾ ബാധകമായിരിക്കുകയില്ല. |

സെക്ഷൻ ഓഫീസർ